ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) :

(എ & ബി) കേന്ദ്രതൊഴിൽ മന്ത്രാലയം ഏർപ്പെടുത്തിയ പുതിയ എമിഗ്രേഷൻ ചട്ടങ്ങൾ വിദേശത്ത് തൊഴിൽ തേടിപ്പോകുന്ന മലയാളികളെ ദോഷകരമായി ബാധിക്കുന്നവയാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം വിശദമാക്കിക്കൊണ്ട് നോർക്ക വകുപ്പു മന്ത്രി കേന്ദ്ര വിദേശകാര്യ വകുപ്പ് മന്ത്രിക്കും, കേന്ദ്ര തൊഴിൽ വകുപ്പു മന്ത്രിക്കും, നേരിട്ടുകണ്ട് നിവേദനം നൽകിയിട്ടുണ്ട്.

(സി & ഡി) ഇക്കാര്യത്തിൽ അനുയോജ്യമായ തീരുമാനം കൈക്കൊള്ളാമെന്ന് കേന്ദ്ര ഗവൺമെന്റ് സമ്മതിച്ചിട്ടുണ്ട്.

സി. ആർ. എഫ്. സ്കീമിലെ പദ്ധതികൾ

18 (*138) ശ്രീ. ജോണി നെല്ലൂർ :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. ഷിബു ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി. ആർ. എഫ്. സ്കീമിൽ ഉൾപ്പെടുത്തി എത്ര പദ്ധതികൾ പൂർത്തിയാക്കി എന്നതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഈ സ്കീമിൽ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) സി. ആർ. എഫ്. സ്കീമിൽ ഉൾപ്പെടുത്തുന്നതിന് ലഭിക്കുന്ന അപേക്ഷകൾ ഏത് മാനദണ്ഡത്തിലാണ് പരിഗണിക്കുന്നതെന്നും സ്കീമിൽ ഉൾപ്പെടുത്തുന്നതെന്നും വിശദമാക്കുമോ ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇടപ്പള്ളി-തേവര-അരൂർ റോഡ്, കോവളം - പാറശ്ശാല റോഡ്, അരൂർ-അരുക്കുറ്റി പാലം എന്നീ പണികൾ സെൻട്രൽ റോഡ് ഫണ്ട് സഹായത്തോടെ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) കേന്ദ്രാനുമതിക്കായി കാത്തിരിക്കുന്ന പണികൾ തിരുവനന്തപുരത്ത് എം. എൽ. എ. ഹോസ്റ്റൽ മുതൽ എയർപോർട്ട് വരെയുള്ള റോഡ്, കടമ്പനാട് -മണ്ണടി-ഏനാത്ത്- എഴംകുളം റോഡ്, കല്ലടുക്ക-ചെർക്കള റോഡ് പ്രാവച്ചമ്പലം- ഊരൂട്ടമ്പലം- മലയിൻകീഴ് റോഡ് എന്നിവയാണ്.

(സി) കേന്ദ്ര ഉപരിതലഗതാഗത വകുപ്പിന്റെ സി. ആർ. എഫ്. സ്കീം സംബന്ധിച്ച നിബന്ധനകൾ പാലിക്കുന്നവയിൽ നിന്ന്, വളരെ പരിമിതമായ സി. ആർ. എഫ്. വിഹിതത്തിനുള്ളിൽ ഒതുങ്ങി നിൽക്കുന്ന രീതിയിലാണ് പദ്ധതികൾ നിർദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly